# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3023 07.11.2019 ൽ മറുപടിക്ക്**

**പാലക്കാട്-തൃശ്ശൂർ ദേശീയപാതയിലെ കുതിരാൻ ടണൽ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ഷാഫി പറമ്പിൽ | | ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) | പാലക്കാട്-തൃശ്ശൂർ ദേശീയപാതയിലെ കുതിരാൻ മലയിൽ നടന്നുവരുന്ന ടണൽ നിർമ്മാണത്തിന്റെ പുരോഗതി വിശദീകരിക്കാമോ; | എ) | 10.10.2019 വരെയുള്ള ടണലിന്റെ നിർമ്മാണ പുരോഗതി അനുബന്ധമായി ചേർക്കുന്നു. |
| ബി) | ടണൽ നിർമ്മാണം പൂർത്തിയാവാത്തതിനാലും മഴക്കാലത്ത് മണ്ണിടിച്ചിൽ മൂലവും ദേശീയ പാതയിൽ തുടർച്ചയായി മണിക്കൂറുകളോളം ഗതാഗത തടസ്സം ഉണ്ടാകുന്നതും പരിഗണിച്ച് റോഡിന്റെ ശോചനീയാവസ്ഥ അടിയന്തരമായി പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ബി) | ബഹു.പൊതുമരാമത്ത് മന്ത്രി മൂന്നു തവണ ഇതുമായി ബന്ധപ്പെട്ട യോഗം വിളിച്ചിരുന്നു. 25.09.2018 ൽ കുതിരാൻ സന്ദർശിക്കുകയും യോഗങ്ങൾ നടത്തി തീരുമാനങ്ങൾ എടുക്കുകയും ചെയ്തിരുന്നു. താൽക്കാലികമായി ടാറിംഗ് നടത്തിയെന്നല്ലാതെ മറ്റൊന്നും ചെയ്തില്ല. ബഹു.പൊതുമരാമത്ത് മന്ത്രിയുടെ നിർദ്ദേശപ്രകാരം 30.08.2019 ൽ ബഹു.കൃഷി മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ നിർമ്മാണ കമ്പനിയുടെ റിസ്ക് & കോസ്റ്റിൽ പുതിയ ഏജൻസിയെ കൊണ്ടു റോഡിന്റെ മെയിന്റനൻസ് നടത്താൻ റീജിയണൽ ആഫീസർ NHAI തീരുമാനിക്കുകയും ഇപ്പോൾ എമർജൻസി മെയിന്റനൻസ് ടെണ്ടർ ക്ഷണിക്കുകയും അതിൻ പ്രകാരം എമർജന്റ് റിപ്പെയർ വർക്കുകൾ ഉടൻ തന്നെ പൂർത്തിയാക്കുന്നതാണ് എന്ന് NHAI അറിയിച്ചിട്ടുണ്ട് ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രി 2018 ൽ കുതിരാൻ തുരങ്കം നേരിൽ സന്ദർശിക്കുകയും തൃശ്ശൂർ കളക്ടേറ്റിൽ വച്ച് കളക്ടർ,കരാറുകാർ, NHAI അധികാരികൾ എന്നിവരുമായി ചർച്ച നടത്തിയിരുന്നു. 2019 ജനവരിയിൽ പ്രവൃത്തി പൂർത്തികരിക്കാമെന്ന് |

സമതിച്ചിരുന്നുവെങ്കിലും വാഗ്ദാനം നടപ്പിലാക്കുന്നതിൽ കരാറുകാരനും NHAI യും പരാജയപ്പെട്ടു.കരാറുകാരനെതിരെ കരാർ ലംഘിച്ചതിന് നടപടി സ്വീകരിക്കാനും ടെർമിനേറ്റ് ചെയ്യാൻ നടപടി എടുക്കാനും NHAI യോട് കത്ത് വഴി ആവശ്യപ്പെട്ടിരിക്കുകയാണ്. NHAI യുമായുള്ള കരാറായതിനാൽ സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ നേരിട്ട് ഇടപെടുന്നതിൽ പരിമിതികളുണ്ട്

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

## ഇടത് വശത്തെ ടണൽ

| Scope (m) | Heading & benching in M | Tunnel support treatment in m | | DLC in m | PQC in,m | Lighting and ventilation | Fire & safety works |
|---|---|---|---|---|---|---|---|
| | | Completed | Balance | | | | |
| 961 | 961 | 405 | 556 | 961 | 931 | Work sanctioned | Yet to be started |

## വലത് വശത്തെ ടണൽ

| Scope (m) | Heading & benching in M | Tunnel support treatment in m | | DLC in m | PQC in,m | Lighting and ventilation | Fire & safety works |
|---|---|---|---|---|---|---|---|
| | | Completed | Balance | | | | |
| 963 | 963 | 311 | 652 | Yet to be started | Yet to be started | Yet to be started | Yet to be started |

സെക്ഷൻ ഓഫീസർ